CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

PKVB
No.12

# വിശുദ്ധ കുർബ്ബാനയും ഒരുക്കവും

നമ്മുടെ കർത്താവിന്റെ പ്രാർത്ഥന
ദാവീദിന്റെ മസ്മോറ 23
ആരാധനയുടെ ആരംഭം
നമ്മുടെ പാപമോചനവും വി. കുർബ്ബാനയും

"ദൈവം ആത്മാവ് ആകുന്നു
അവനെ നമസ്ക്കരിക്കുന്നവർ
ആത്മാവിലും സത്യത്തിലും
നമസ്ക്കരിക്കണം"

(യോഹ. 4:24)

**പി. കെ. വർഗീസച്ചൻ**
(പാണേങ്ങാട്ടു പുലോൻ കുഞ്ഞുരു മകൻ)
പൗരസ്ത്യ കൽദായ സുറിയാനി സഭ
മുൻ വികാർ – ജനറാൾ

**2014**

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# വിശുദ്ധ കുർബ്ബാനയും ഒരുക്കവും

"വരുവിൻ നമുക്ക് കർത്താവിനെ സ്തുതിക്കാം
നമ്മുടെ കർത്താവായ ദൈവത്തിനു പാടാം
തെറ്റിൽനിന്നും കടങ്ങളിൽനിന്നും മരണത്തിൽനിന്നും
നമ്മുടെ കർത്താവു തന്റെ ദയ കൊണ്ട് നമ്മെ രക്ഷിച്ചു
അവനെ നമുക്ക് ആരാധിച്ച് സ്തുതിക്കാം."
(സങ്കീ. 95:1)

**പി. കെ. വർഗീസച്ചൻ**
കൽദായ സുറിയാനി സഭ

2014

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

**VISUDHA KURBANAYUM ORUKKAVUM**
Malayalam

Written by P.K. Varghesachen
Ph : +91 9061806036

Res. 51/87, Infant Jesus Convent Road
Aranattukara P.O.
Thrissur 680 618

Publisher :
Rev. Fr. Runo Varghese P., Poolon House,
Mar Augin Thuvana Church
West Fort, Thrissur - 680 004
Phone : +91 9895088198
E-mail : runovarghese@gmail.com

Copy right © Reserved with the Publisher

First Printing : 02-07-2014

Price : Rs.50/-



www.TheCMSIndia.org

**Dr. Mar Aprem**
B.D. M.Th.; S.T.M. Ph.D.

Metropolitan Palace
Thrissur, PIN 680 001
Phone : 0487 2420978

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

11-5-2014

# മുഖവുര

"വിശുദ്ധ കുർബ്ബാനയും ഒരുക്കവും" എന്ന ലഘുഗ്രന്ഥം പി. കെ. വർഗീസച്ചൻ അനവധി വർഷങ്ങളായി ആഗ്രഹിച്ചിരുന്ന ഒരു ആഗ്രഹം വാർദ്ധക്യത്തെ അവഗണിച്ചുകൊണ്ട് 79-ാം വയസ്സിൽ സഫലമാക്കുകയാണ്. സഭയിലെ അംഗങ്ങളിൽ പലർക്കും ഈ വക കാര്യങ്ങൾ അറിയില്ലെന്ന ദുഃഖസത്യം മനസ്സിലാക്കികൊണ്ട് അതിനൊരു പരിഹാരം കണ്ടെത്തുവാൻ അച്ചൻ പരിശ്രമിക്കുകയാണ് ഈ ഗ്രന്ഥത്തിൽകൂടി.

വായന പൊതുവെ കുറവാണ് നമുക്ക്. ആത്മീയ ഗ്രന്ഥങ്ങളായാലും വായന ആവശ്യത്തിന് ഇല്ല. ഇങ്ങനെയുള്ള പ്രയോജനപ്രദമായ പുസ്തകങ്ങൾ വായിക്കുവാനുള്ള ആഗ്രഹം എങ്ങനെ സഭാജനങ്ങളിൽ ഉണ്ടാക്കാമെന്നെനിക്കു അറിഞ്ഞുകൂടാ. എഴുപത്തിയഞ്ചു പുസ്തകങ്ങളെഴുതിയ എനിക്ക് ഈ അനുഭവം പുതിയതല്ല. വളരെ കഷ്ടപ്പെട്ട് ഒരു ഗ്രന്ഥം രചിച്ചാൽ അച്ചടിക്കാൻ പലർക്കും താൽപര്യമില്ല. കടംവാങ്ങി പുസ്തകം അച്ചടിച്ചാൽതന്നെ അതു തുറന്നുനോക്കി, "ഇത് മലയാളത്തിലല്ലെ? നമ്മുടെ മക്കൾക്ക് ഇംഗ്ലീഷ് മീഡിയം ആണ് ഇഷ്ടം, ഈ പുസ്തകം ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്താൽ നന്നാകും" എന്ന് അഭിപ്രായം പറയും. നമുക്കെന്തുകാര്യം...!

ഇംഗ്ലീഷ് ഭാഷയിൽ പുസ്തകം ആകർഷകമാക്കി അച്ചടിച്ച് കൊണ്ടുപോയി കൊടുത്താൽ "എനിക്ക് ഇംഗ്ലീഷ് വായിച്ചാൽ മനസ്സിലാകില്ല" എന്ന് പറഞ്ഞ് പുസ്തകം മടക്കി തരും. നിരാശരാകാതെ മുന്നോട്ടുപോകുന്ന എഴുത്തുകാരിൽ ചിലരാണ് ഞാനും പി.കെ. വർഗീസച്ചനും. ഞങ്ങൾ രണ്ടുപേരും ഒരേ സമയത്ത് ബാംഗ്ലൂരിലെ യൂണൈറ്റഡ് തിയോളജിക്കൽ കോളേജിൽ പഠിച്ചവരാണ്. 1964-66 വരെ ഞാൻ *M.Th.* ഡിഗ്രിക്കു പഠിച്ചിരുന്ന കാലം. പഠനത്തിലായിരുന്നു ഞങ്ങളുടെ രണ്ടുപേരുടെയും ശ്രദ്ധ. അന്ന് ടി.വി.യും മൊബൈൽ ഫോണും, കമ്പ്യൂട്ടറും ഇല്ലല്ലോ?

വളരെ ലളിതമായ മലയാളശൈലിയാണ് വർഗ്ഗീസച്ചന്റേത്. പല വാക്കുകളുടെ മൂലഭാഷയിലെ പദങ്ങളും വായനക്കാർക്ക് അച്ചൻ പറഞ്ഞുതരുന്നു. ധാരാളം ബൈബിൾ വാക്യങ്ങളും അച്ചൻ ഉദ്ധരിക്കുന്നുണ്ട്. നമ്മുടെ കുട്ടികൾ ബൈബിളിലെ ഉപദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് തന്മൂലം ഇടവരട്ടെ. നമ്മുടെ പഴയ തലമുറയിൽ ശാസ്ത്രം, രാഷ്ട്രീയം എന്നീ കാര്യങ്ങളിൽ അറിവ് കുറവായിരിക്കാം. എങ്കിലും ബൈബിളിനെപറ്റിയും ധാർമ്മിക മൂല്യങ്ങളെപറ്റിയും അവർക്കു പ്രായോഗിക പരിജ്ഞാനം ഉണ്ടായിരുന്നു. നമ്മുടെ സഭയിലെ അംഗങ്ങൾ ഇതുവരെ പി.കെ.വർഗീസച്ചന്റെ ഒരൊറ്റ പുസ്തകവും വായിച്ചിട്ടില്ലെങ്കിൽപോലും ഈ പുസ്തകം വായിക്കണം. അത് എല്ലാവർക്കും ഗുണം ചെയ്യും.

പ്രാർത്ഥനകളോടും ആശംസകളോടുംകൂടെ,

**മാർ അപ്രേം മെത്രാപ്പോലീത്ത**



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ആമുഖം

ഞങ്ങളുടെ സെമിനാരി പഠിപ്പിന്റെ അവസരത്തിൽ കാലം ചെയ്ത സ്തുത്യർഹനായ മാർ തോമ ധാർമ്മോ ആയിരുന്നു സഭാമേലദ്ധ്യക്ഷനായ മെത്രാപ്പോലീത്ത. ഞായറാഴ്ച വി. കുർബ്ബാനയ്ക്ക് സെമിനാരി വിദ്യാർത്ഥികൾ ഭദ്രാസന പള്ളിയായ മാർഥ് മർയം പള്ളിയിൽ വി. കുർബ്ബാനയ്ക്കു വരണമെന്ന നിർദ്ദേശമുണ്ടായിരുന്നു. വി. കുർബ്ബാനയിൽ പങ്കെടുക്കുന്നത് ഞങ്ങൾക്ക് ഒരു പരിശീലനം കൂടെ ആയിരുന്നു. അതനുസരിച്ചാണ് വി. കുർബ്ബാനയ്ക്കുള്ള ഒരുക്കങ്ങൾ ഞങ്ങൾ മനസ്സിലാക്കുന്നത്. അക്കാലത്ത് ഞങ്ങൾ വൈദികരല്ലായിരുന്നല്ലോ, തന്മൂലം ഞങ്ങൾ ഒരുവിധത്തിൽ ആത്മായക്കാരായിരുന്നു. വി. കുർബ്ബാനയിൽ പങ്കുചേരുമ്പോൾ തിരശ്ശീല വലിക്കുമ്പോൾ ഞങ്ങൾ മദ്ബഹായയ്ക്കു മുമ്പിലുള്ള ചവിട്ടു പടികൾക്ക് അരികിൽ സന്നിഹിതരാകേണ്ടതുണ്ടായിരുന്നു. അന്ന് വി. കുർബ്ബാന സുറിയാനി ഭാഷയിലായിരുന്നു. കാര്യമായൊന്നും മനസ്സിലായിരുന്നില്ല. എങ്കിലും വി. കുർബ്ബാനയ്ക്കു വരുമ്പോൾ ചില ചിട്ടകൾ പാലിക്കണമെന്നൊരു പരിജ്ഞാനം ഞങ്ങൾക്കു ലഭിച്ചു.

ഉപവാസം ഒരു നിർബ്ബന്ധമായിരുന്നു, കാരണം എല്ലാവരും വി. കുർബ്ബാന (അപ്പവും വീഞ്ഞും) അനുഭവിക്കണം. കൈകൾ ഒരിക്കലും പിന്നിൽ കെട്ടരുതെന്നത് മെത്രാപ്പോലീത്ത തന്നെ ഞങ്ങളോടു പറഞ്ഞിട്ടുള്ളതാണ്. പിന്നിൽ കൈ കെട്ടുന്നത് വിശ്രമത്തിന്റെ അടയാളമാണ്. കായികപഠന പിരീഡിൽ സ്റ്റാൻഡ്-അറ്റ്-ഈസ് എന്ന് അധ്യാപകൻ പറഞ്ഞാലാണ് രണ്ടു കൈ പിന്നിലാക്കി, കാലുകൾ അൽപ്പം അകത്തി നിൽക്കുന്നത്. ഇത് സ്കൂളിൽ നിന്ന് കിട്ടുന്ന ഒരു അറിവാണല്ലോ. എന്നാൽ പള്ളിയിൽ നാം ദൈവത്തിന്റെ സന്നിധാനത്തിലാണ്. വാ പൊത്തി തല കുനിച്ച് നിൽക്കേണ്ട ആവശ്യമില്ല. കാരണം നാം ദൈവത്തിന്റെ വാഗ്ദാനം സിദ്ധിച്ചവരാണ്, ഏഴകളല്ല, സ്വതന്ത്രരാണ്, അടിമകള



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ല്ല. നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നാമെല്ലാവരും ദൈവമക്കളാകുന്നുവല്ലോ. (ഗലാ. 3:26)

നമ്മുടെ ഭവനത്തിൽനിന്നും വി. കുർബ്ബാനയ്ക്കുള്ള പ്രാഥമിക നിർദ്ദേശങ്ങൾ നമുക്ക് ലഭിക്കുന്നു. കുളിച്ചിട്ടേ പള്ളിയിൽ പോകാവൂ. തലേ ദിവസം നോമ്പായിരിക്കണം. നോമ്പു തെറ്റിയെങ്കിൽ കുളിക്കണം. കർത്താവിന്നുള്ള കാഴ്ചപ്പണം കരുതണം. പള്ളിയിൽ പോകാനുള്ള പ്രത്യേക വസ്ത്രം (ഡ്രസ്സ്) പഴയ കാലത്തുണ്ടായിരുന്നു. വീട്ടിലിടുവാൻ ഡ്രസ്സ്, സ്കൂളിൽ പോകാൻ ഡ്രസ്സ് (അക്കാലത്ത് യൂണിഫോം ഇല്ലായിരുന്നല്ലോ), പള്ളിയിൽ പോകാൻ, കല്യാണവിരുന്നിനു പോകാൻ എന്നിങ്ങനെ വിവിധ തലത്തിലുള്ള ഡ്രസ്സുകൾ പഴയവരുടെ കാലത്തുണ്ടായിരുന്നു. കാലം മാറി നാടു സമ്പന്നമായപ്പോൾ എല്ലാവരും ഇന്ന് കല്യാണ ഡ്രസ്സിലാണ്. ഇല്ലാത്തവനും ഉള്ളവനും എപ്പോഴും നല്ല വസ്ത്രം ധരിക്കുന്നത് വളരെ അഭികാമ്യം തന്നെ. അതുപോലെ എല്ലാവരും രാവിലെ കുളിക്കുന്നു. സ്കൂളിൽ പോകാനോ, ജോലിക്കു പോകാനോ, പള്ളിക്കു പോകാനോ ഇന്ന് എല്ലാവരും കുളിക്കുന്ന ശീലത്തിലാണ്. പള്ളിയിൽ വി. കുർബ്ബാനയ്ക്കുള്ള ഒരുക്കത്തിൽ പുതുമയുള്ളതു വിരളമാകാം, എങ്കിലും നമ്മുടെ സംസ്കാരത്തിന്റെ ചില സംഗതികൾ ഈ പുസ്തകത്തിൽ സഹൃദയർ കാണുമെന്നാശിക്കുന്നു.

**പി. കെ. വർഗീസച്ചൻ**



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# വിഷയവിവരം

1. വി. കുർബ്ബാനയും ഒരുക്കവും 7

2. നമ്മുടെ കർത്താവിന്റെ പ്രാർത്ഥന 53

3. സങ്കീർത്തനം 23 - ഒരു പഠനം 61

4. ആരാധനയുടെ ആരംഭം 82

5. നമ്മുടെ പാപമോചനവും വി. കുർബ്ബാനയും 89



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART